**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in

നമ്പർ ഇ.5915/2024(I)

തീയതി. 27.10.2025

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് 2026 ജനുവരി 1 മുതൽ 15 വരെ നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശനമേള **'പൂപ്പൊലി 2026"** നോടനുബന്ധിച്ച് **'ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, ഡ്രോൺ കവറേജ് (ആവശ്യമെങ്കിൽ), മൾട്ടി കളർ ആൽബം (30പേജ്)** എന്നിവ ചെയ്തു തരുന്നതിന് ഇത്തരം ജോലികൾ ചെയ്ത് പരിചയമുള്ള ജി. എസ്. റ്റി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | ഇ. 5915/2024(I) |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 05.11.2025, 3.00 pm |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 05.11.2025, 3.30 pm |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ–673593 |
| **പുറത്തെഴുത്ത് : പൂപ്പൊലി 2026 – ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, ഡ്രോൺ കവറേജ് (ആവശ്യമെങ്കിൽ), മൾട്ടി കളർ ആൽബം ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ** | |

### നിബന്ധനകൾ

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'പൂപ്പൊലി 2026 – ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, ഡ്രോൺ കവറേജ് (ആവശ്യമെങ്കിൽ), മൾട്ടി കളർ ആൽബം ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി എന്നിവയ്ക്ക് ഒരു ദിവസത്തേയ്ക്കുള്ള നിരക്കുകൾ പ്രത്യേകം ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
3. ഡ്രോൺ ഉപയോഗിച്ച് വീഡിയോ റെക്കോർഡ് ചെയ്യുന്നതിനുള്ള ഒരു മണിക്കൂറിനുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്..
4. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി ഡ്രോൺ ഉപയോഗിക്കാനുള്ള ഗവ. അംഗീകൃത ലൈസൻസ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്
5. ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും തിരിച്ചറിയൽ കാർഡുകളും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്
6. ക്വട്ടേഷനോടൊപ്പം നിരത്രവ്യം **'അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് അടച്ചോ ക്വട്ടേഷനിൽ പങ്കുകൊള്ളേണ്ടതാണ്.

7. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.

8. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.

9. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.

11. ക്വട്ടേഷൻ കാലാവധി മുകളിൽ സൂചിപ്പിച്ച ജോലികൾ ചെയ്ത് തീരുന്നതുവരെയായിരിക്കും.

12. വിജയിയായ ക്വട്ടേഷൻകാരൻ ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലികൾ ചെയ്യാൻ ബാദ്ധ്യസ്ഥനുമാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

13. ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

14. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

15. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.

16. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

17. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് (ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

//അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്ജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ/ ഡോ. ഐറീന സി.കെ, അസി. പ്രൊഫസർ